GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/09/2026

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ 2026 -27 വർഷത്തിൽ " **കാർഷിക കേരളം പുതുയുഗപ്പിറവിയിലേക്ക്"** എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന ഫാം ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസന മേഖലകളിലെ ഹൈടെക് കൃഷിരീതികൾ, നൂതന സാങ്കേതികവിദ്യകൾ, പുതുസംരംഭങ്ങൾ, സംഘകൃഷി തുടങ്ങിയ കാർഷികമേഖലയുടെ വിവിധ തലങ്ങൾ എന്നിവ ആസ്പദമാക്കിയുള്ള ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്. കുറഞ്ഞത് 300 DPI ഉം ഫയൽ സൈസ് കുറഞ്ഞത് 3 MB യും വേണം. പ്രായഭേദമന്യേ

എല്ലാവർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒരാൾക്ക് പരമാവധി 3 ഫോട്ടോകൾ അയക്കാം. എഡിറ്റ് ചെയ്ത ഫോട്ടോകൾ പരിഗണിക്കുന്നതല്ല. മുൻ വർഷം സമർപ്പിച്ച എൻട്രികൾ വീണ്ടും സമർപ്പിക്കേണ്ടതില്ല. എൻട്രികളിൽ നിന്നും ലഭിക്കുന്ന ഫോട്ടോകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒന്നാം സമ്മാനം 20,000/-, രണ്ടാം സമ്മാനം 10,000/-, മൂന്നാം സംമ്മാനം ₹5,000/-, പ്രോത്സാഹന സമ്മാനം ₹1,000/- വീതം 10 പേർക്ക്.

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, farmphotography2026@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സപ്തംബർ 30 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

2. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 14 മുതൽ 25 വരെ (10 ദിവസത്തെ) "**ക്ഷീരോൽപന്ന നിർമ്മാണ സംരംഭകത്വ പരിശീലനം**" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ

താൽപ്പര്യമുള്ളവർ സെപ്റ്റംബർ 9 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതും പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സെപ്തംബർ 10,11 തിയ്യതികളിൽ രാവിലെ 10 മണി മുതൽ '**ആട് വളർത്തൽ ആദായകരമാക്കാം**' വിഷയത്തിൽ സൗജന്യ ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0494–2962296 എന്ന നമ്പറിൽ ബന്ധപ്പെടുക.
4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ–ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റിൽ നടത്തിവരുന്ന എം.ബി.എ (എ.ബി.എം) പ്രോഗ്രാമിലെ 2026–27 അധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 09 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദവിവരങ്ങൾക്ക് കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in വെബ്സൈറ്റ് സന്ദർശിക്കുകയോ 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

5. ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാടശേഖരത്തിനും, നെല്ലിനത്തിനും, ഭൂമിരീതിക്കും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കണം.

## വിള പരിപാലന നിർദ്ദേശങ്ങൾ

നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും തുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളാക്കി മുറിച്ചു ഞാറ് പറിച്ച് നട്ട് 7 മുതൽ 10 ദിവസം കഴിഞ്ഞോ അല്ലെങ്കിൽ വിതച്ച് 25 ദിവസം കഴിഞ്ഞോ ഓരോ ആഴ്ച ഇടവിട്ട് വയലിന്റെ പല ഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി മഴ കൊള്ളാതെ വെക്കുക. വേനൽക്കാലത്ത്

മുട്ടകാർഡുകൾ നെല്ലോലകളിൽ നേരിട്ട് സ്റ്റേപ്പിൾ ചെയ്യാവുന്നതാണ്. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കാർട്ടാപ് ഹൈഡ്രോക്ലോറൈഡ് 50 % SP 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക.